**14-ാം കേരള നിയമ സഭ**

**1-ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.163** **13.07.2016-ൽ മറുപടിയ്ക്ക്**

## കേരളത്തിന് ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.എം. സ്വരാജ് :**<br>**ശ്രീ. ജോൺ ഫെർണാണ്ടസ് :**<br>**ശ്രീ. എം. നൗഷാദ് :**<br>**ശ്രീ. ആന്റണി ജോൺ :** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ**<br>**(ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) കേരളത്തിന് ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് അനുവദിക്കുമെന്ന വർഷങ്ങൾക്കുമുമ്പുള്ള കേന്ദ്ര സർക്കാർ വാഗ്ദാനത്തിന്റെ അടിസ്ഥാനത്തിൽ അത് നേടിയെടുക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ അറിയിക്കാമോ ; | (എ) ഓൾ ഇന്ത്യ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മാതൃകയിലുള്ള ഒരു സ്ഥാപനം കേരളത്തിൽ തുടങ്ങുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി അറിയിക്കുവാൻ കേന്ദ്രസർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് 4 സ്ഥലങ്ങളുടെ പട്ടിക ഇതിനകം സമർപ്പിച്ചു കഴിഞ്ഞു. സംസ്ഥാന സർക്കാർ കേന്ദ്ര ആരോഗ്യവകുപ്പ് മന്ത്രിയുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ധന മന്ത്രാലയത്തിന്റെ അനുമതി കിട്ടിയാലുടൻ കേന്ദ്രസംഘം സംസ്ഥാനം സന്ദർശിക്കുമെന്ന് ഉറപ്പു നൽകിയിട്ടുണ്ട്. |
| (ബി) എയിംസ് അനുവദിക്കാനായി എന്തൊക്കെ നിബന്ധനകളാണ് പാലിക്കേണ്ടതെന്ന് അറിയിക്കാമോ ; | (ബി) ടി സ്ഥാപനം സ്ഥാപിക്കുന്നതിനായി അനുയോജ്യമായ ഒന്നിലധികം സ്ഥലങ്ങൾ കണ്ടെത്തി അറിയിക്കണമെന്നും, ടി ഭൂമികൾ സൗജന്യ നിരക്കിലായിരിക്കണമെന്നും, ടി ഭൂമിയിലേക്ക് നല്ല റോഡ് മാർഗ്ഗം ഉണ്ടായിരിക്കണമെന്നും, ജലം/വൈദ്യുതി എന്നിവയുടെ ലഭ്യത പര്യാപ്തമായിരിക്കണമെന്നും നിബന്ധനയുണ്ട്. |

| | |
|---|---|
| (സി) ഈ നിബന്ധനകൾ പാലിച്ചുകൊണ്ട് അതു നേടിയെടുക്കാൻ മുൻ സർക്കാർ എടുത്ത നടപടികൾ അറിയിക്കാമോ ? | (സി) ടി നിബന്ധനകളുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് താഴെ പറയുന്ന നാല് സ്ഥലങ്ങൾ ടി സ്ഥാപനം നിർമ്മിക്കുന്നതിന് പര്യാപ്തമാണെന്ന് കേന്ദ്ര സർക്കാരിനെ 16.07.2014 ൽ അറിയിച്ചിട്ടുണ്ട്.<br>1. കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ കെ.എസ്.ഐ.ഡി.സി. .ടെ പക്കലുള്ള സ്ഥലം (200 ഏക്കർ)<br>2. തിരുവനന്തപുരത്ത് നെയ്യാറ്റിൻകര നെട്ടുകാൽത്തേരിയിലുള്ള തുറന്ന ജയിലിനോടനുബന്ധിച്ചുള്ള സ്ഥലം (263.45 ഏക്കർ)<br>3. കോട്ടയം ജില്ലയിലെ സർക്കാർ മെഡിക്കൽ കോളേജിന്റെ അധീനതയിലുള്ള സ്ഥലം (248.21 ഏക്കർ)<br>4. എറണാകുളം ജില്ലയിലെ കളമശ്ശേരിയിൽ ഹിന്ദുസ്ഥാൻ മെഷീൻ ടൂൾസിന്റെ (എച്ച്.എം.റ്റി) അധീനതയിലുള്ള സ്ഥലം (200 ഏക്കർ) |

**സെക്ഷൻ ഓഫീസർ**